# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ പങ്കാളിത്തത്തോടെയുള്ള റോഡ് നിർമ്മാണം</u>

4049 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും സ്വകാര്യ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബി. ഒ. ടി. അടിസ്ഥാനത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ദേശീയ പാതകളുടെ അറ്റകുറ്റപ്പണി

4050 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(സി) ഈ അറ്റകുറ്റപണികൾ എന്നു പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

### പാലക്കാട് - പറമ്പിക്കുളം റോഡ്

4051 ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിന്ന് പറമ്പിക്കുളത്തേക്ക് തമിഴ്നാട്-കേരള അതിർത്തിയിൽ പൂർണ്ണമായും കേരളത്തിലൂടെ ഒരു റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് ഒരു പ്രഖ്യാപനം നടത്തിയിരുന്നോ ;

(ബി) ഇത് സംബന്ധിച്ച് നടപടികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ ;

(സി) നിർദ്ദിഷ്ട പാത ഏത് തരം ഭൂപ്രദേശത്തുകൂടിയാണ് കടന്നു പോകുന്നത് ; എത്ര കിലോമീറ്റർ ദൈർഘ്യമുണ്ടാകും ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക ആഘാതപഠനം നടത്തിയിട്ടുണ്ടോ; അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിലയിരുത്തൽ എന്താണ് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എക്സ്പ്രസ് ഹൈവേക്കായി പഠനം</u>

4052 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പുതുതായി എക്സ്പ്രസ് ഹൈവേ നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) എക്സ്പ്രസ് ഹൈവേക്കായി പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ നാഷണല്‍ ഹൈവേ ബൈപ്പാസ് റോഡിന്റെ നിര്‍മ്മാണം</u>

4053 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ പട്ടണത്തിലെ നാഷണല്‍ ഹൈവേ ബൈപ്പാസ് റോഡിന്റെ നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ മുടങ്ങികിടക്കുന്ന അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

(ബി) റെയില്‍വേയുടെ മേല്‍പ്പാലത്തിനും മറ്റുമായി കേന്ദ്ര സര്‍ക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന നിരന്തരമായ അവഗണന മൂലമാണ് മൂന്നു പതിറ്റാണ്ടിലേറെയായ ബൈപ്പാസ് റോഡ് പൂര്‍ത്തീകരിക്കാന്‍ കഴിയാത്തതെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എന്‍.എച്ച് ബൈപ്പാസ് റോഡിന്റെ നിര്‍മ്മാണം അടിയന്തിരമായി പൂര്‍ത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണം</u>

4054 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിർദ്ദിഷ്ട ബൈപ്പാസ് നിർമ്മാണത്തിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ അലൈൻമെന്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത അലൈൻമെന്റിന് അംഗീകാരം ലഭ്യമാക്കി ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

എറണാകുളം മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

4055 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ മരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിലായി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം;

(ബി) ഇവയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) 2010-11 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പണി ആരംഭിച്ച പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഭരണാനുമതിയില്ലാത്തതുമായ മണ്ഡലത്തിലെ വിവിധ വിഭാഗങ്ങളിലെ മരാമത്ത് പണികളുടെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ആലത്തൂർ ബസാർ റോഡ്</u>

4056 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വളരെ നാളുകൾ കഴിഞ്ഞിട്ടും ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ആലത്തൂർ ബസാർ റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡ് പണി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) റോഡ് പണി എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ ഏറ്റെടുക്കൽ</u>

4057 ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ</u>

4058 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പി. ഡബ്ല്യു. ഡി. നിരത്ത് വിഭാഗം നടത്തിവരുന്ന നിർമ്മാണ പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) 2011-12 വർഷത്തിൽ ഭരണാനുമതി ലഭിച്ച വർക്കുകളും ഓരോ വർക്കിനും എത്ര തുക വീതമാണ് നിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ശോചനീയാവസ്ഥയിൽ ഉള്ള റോഡുകൾ അറ്റകുറ്റപ്പണി ചെയ്യാൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വാമനപുരം മണ്ഡലത്തിലെ റോഡുകൾ</u>

4059 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ എത്ര റോഡുകൾ നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; പട്ടിക ലഭ്യമാക്കുമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ ആകെയുള്ള പി. ഡബ്ല്യു.ഡി. റോഡുകളും അവയുടെ ദൈർഘ്യവും വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വൈപ്പിന്‍ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേയുടെ ടെണ്ടര്‍</u>

4060 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേയുടെ പ്രവൃത്തികള്‍ക്കുള്ള ടെണ്ടര്‍ നടപടിയായോ;

(ബി) എന്ന് പണി തുടങ്ങുവാനാകും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മൂത്തകുന്നം-വൈപ്പിൻ തീരദേശ ഹൈവേ നിർമ്മാണം</u>

4061 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂത്തകുന്നം-വൈപ്പിൻ തീരദേശ ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പി.ഡബ്ല്യു.ഡി വഴി എൻ.എച്ച് അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് നൽകി;

(സി) പ്രസ്തുത നിർദ്ദേശത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായോ;

(ഡി) ഇല്ലെങ്കിൽ അംഗീകാരം നേടിയെടുക്കുവാൻ മുൻകൈ എടുക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എക്സ്പ്രസ് ഹൈവേ ജനവാസമില്ലാത്ത പ്രദേശങ്ങളിൽ സ്ഥാപിക്കാൻ നടപടി</u>

4062 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ജനങ്ങളുടെ വീടും വരുമാന മാർഗ്ഗങ്ങളും നഷ്ടപ്പെടുത്തുമെന്നതിനാൽ കേരളത്തിൽ എക്സ്പ്രസ് ഹൈവെയാണ് കൂടുതൽ ഉചിതമെന്ന് പാർലമെന്ററി എസ്റ്റിമേറ്റ് കമ്മറ്റിയുടെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽതന്നെ ഇത് സംബന്ധമായ നടപടികൾ കൈകൊള്ളണമെന്ന് കമ്മറ്റി നിർദ്ദേശിച്ചിട്ടുണ്ടോ;എങ്കിൽ ഇതു പരിശോധിക്കുമോ ;

(സി) കേന്ദ്ര റോഡ് ഗതാഗത ഹൈവെ മന്ത്രാലയവും ഈ നിർദ്ദേശം മുന്നോട്ടുവെച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിശ്ചിത വീതിയില്ലാത്ത ദേശീയപാത നിർമ്മിക്കുന്നത് സുരക്ഷാപ്രശ്നമുണ്ടാക്കുമെന്ന് കേന്ദ്രറോഡ് ഗതാഗത മന്ത്രാലയം എസ്റ്റിമേറ്റ് കമ്മറ്റി മുമ്പാകെ വ്യക്തമാക്കിയ സാഹചര്യം പരിശോധിക്കുമോ ;

(ഇ) എങ്കിൽ ദേശീയ പാതകളുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനെക്കാൾ ഉചിതം ജനവാസമില്ലാത്ത സ്ഥലങ്ങളിലൂടെ എക്സ്പ്രസ് ഹൈവെ സ്ഥാപിക്കലാണെന്ന ഈ രണ്ട് പ്രധാന കേന്ദ്രങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) എക്സ്പ്രസ് ഹൈവെയുടെ നിർമ്മാണം നിലവിൽ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പേരാമ്പ്ര ടൗണിലെ ഓടകളുടെ സ്ലാബുകൾ മാറ്റി സ്ഥാപിക്കൽ</u>

4063 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ടൗണിലെ റോഡുകൾക്കിരുവശവുമുളള ഓടകളുടെ പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇത്തരം സ്ലാബുകൾ തകരുന്ന മുറയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി മിനിസിവിൽസ്റ്റേഷന് സ്പെഷ്യൽ റിപ്പയറിംഗിന് ഫണ്ട്</u>

4064 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി മിനിസിവിൽസ്റ്റേഷന് സ്പെഷ്യൽ റിപ്പയറിംഗിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക, പണി ഉടൻ ആരംഭിക്കുവാൻ കഴിയുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

തിരുമല തൃക്കണ്ണാപുരം റോഡിന്റെ വികസനം

4065 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുമല - തൃക്കണ്ണാപുരം റോഡിന്റെ വികസനം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;

(ബി) തിരുമല ജംഗ്ഷന്‍ മുതല്‍ മങ്കാട്ട്കടവ് വരെയുള്ള റോഡ് വീതികൂട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>നബാർഡ് ഫണ്ട് വിനിയോഗിച്ച് റോഡ് നിർമ്മാണം</u>

4066 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈനകരി ഗ്രാമപഞ്ചായത്തിലെ മുട്ടേൽ - കുപ്പപ്പുറം പി.എച്ച്.സി യിലേക്ക് നബാർഡ് ഫണ്ട് വിനിയോഗിച്ച് റോഡ് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 30% അധികരിച്ച ടെണ്ടറിന് അനുമതി ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ റീടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നബാർഡിന്റെ തുക ലാപ്സാകാതെ പ്രസ്തുത റോഡു നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>നാട്ടിക നിയോജക മണ്ഡലത്തിലെ റോഡുകൾ</u>

4067 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

നാട്ടിക നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര റോഡുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജിനുമുന്നിലെ ഗതാഗത തടസ്സം ഒഴിവാക്കാൻ പദ്ധതി</u>

4068 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിനുമുന്നിലെ ദേശീയ പാതയുടെ വീതിക്കുറവ് കാരണം തുടർച്ചയായ ഗതാഗതക്കുരുക്കും അപകടങ്ങളും ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് കോളേജ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ നാഷണൽഹൈവേയുടെ നിശ്ചിതദൂരം വീതി കൂട്ടുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കാനും അതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) തിരക്കേറിയ ദേശീയപാതയിലെ നിരന്തരമായ ഗതാഗത തടസ്സം ഒഴിവാക്കാൻ മെഡിക്കൽ കോളേജ് ജംഗ്ഷനിൽ ഒരു ബസ്ബേ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ</u>

4069 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 2010-11 സാമ്പത്തിക വർഷം എത്ര റോഡുകൾ ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ എത്ര കോടി രൂപ അനുവദിക്കുകയുണ്ടായി ; 2011-12 ലേക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ; ഏതെങ്കിലും റോഡുകൾ ഇത്തരത്തിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തീരദേശപാതയുടെ നിര്‍മ്മാണം</u>

4070 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തീരദേശ പാതയുടെ നിര്‍മ്മാണത്തിന് ഇതുവരെ എത്ര രൂപയുടെ ഭരണാനുമതിയാണ് നല്‍കിയിട്ടുളളത്;

(ബി) നിര്‍മ്മാണത്തിലെ കാലതാമസം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ എന്ത് നടപടിയാണ് കൈക്കൊളളാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി പുറക്കാട് ഗ്രാമപഞ്ചായത്തിലെ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണ്; ഇക്കാര്യത്തില്‍ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) തീരദേശ പാതാ നിര്‍മ്മാണം എന്ന് പൂര്‍ത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ചെല്ലാനം മുതൽ ആലപ്പുഴവരെയുള്ള റോഡിലെ അപകടങ്ങൾ

4071 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡ് സ്റ്റേറ്റ് ഹൈവേ ആയി പുനർനിർമ്മിച്ചതിനുശേഷം ചെല്ലാനം മുതൽ ആലപ്പുഴവരെയുള്ള റോഡ് നിർമ്മാണത്തിലെ അപാകത മൂലം നിരന്തരമായി അപകടങ്ങൾ ഉണ്ടാകുന്നതും മരണങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന് നടപ്പാതയില്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി ഈ റോഡിന് ഫുട്പാത്ത് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ബദൽ മാർഗ്ഗങ്ങൾ</u>

4072 ഡോ. എൻ. ജയരാജ്
ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>റോഡ് ഫണ്ട് ബോർഡിലെ മീഡിയ അഡ്വൈസർ
തസ്തികയിൽ നിയമനം</u>

4073 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് ഫണ്ട് ബോർഡിൽ മീഡിയ അഡ്വൈസർ തസ്തികയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ തസ്തികയിൽലെ ശമ്പള സ്കെയിൽ എത്രയാണ് ;

(സി) മീഡിയ അഡ്വൈസറുടെ ജോലി എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം</u>

4074 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ തകർന്ന് കിടക്കുന്ന ഗ്രാമീണ റോഡുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) നെയ്യാറ്റിൻകര മണ്ഡലത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത്, തീരെ ഗതാഗത യോഗ്യമല്ലാത്തതും മണ്ഡലത്തിലെ വളരെ പ്രാധാന്യമുള്ളതും പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ചേർത്തല മണ്ഡലത്തിലെ റോഡുകൾ</u>

4075 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത പൊതുമരാമത്ത് റോഡുകളുടെ പണി അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ചേർത്തല മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ പുനരുദ്ധാരണ ജോലികൾക്ക് ടെണ്ടറായിട്ടും ജോലികൾ ആരംഭിക്കാത്ത കേസുകളിൽ കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര കേസുകളിൽ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ഒറ്റത്തവണ റിപ്പയർ ചെയ്യാൻ ഭരണാനുമതി ലഭിച്ച റോഡുകൾ</u>

4076 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള റോഡുകളിൽ ഒറ്റത്തവണ റിപ്പയർ ചെയ്യാൻ ഭരണാനുമതി നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഇങ്ങിനെ ഭരണാനുമതി ലഭ്യമാക്കിയ എത്ര റോഡുകളാണുള്ളത്;

(സി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോന്നിനും പി. ഡബ്ല്യൂ. ഡി. ഭരണാനുമതി നൽകിയ തുക എത്ര വീതമാണ്;

(ഇ) ഭരണാനുമതി നൽകിയ ഇത്തരം റോഡ് പ്രവൃത്തികൾക്കുള്ള ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ ചന്ദ്രശേഖരൻ വൈദ്യർ റോഡ്</u>

4077

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ചന്ദ്രശേഖരൻ വൈദ്യർ റോഡ് അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ എടച്ചിറ - കാരാളിപറമ്പ് റോഡിന്റെ അറ്റകുറ്റപ്പണികൾ</u>

4078

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ എടച്ചിറ - കാരാളിപറമ്പ് റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ തോണിച്ചിറ-മധുര ബസാർ റോഡ്</u>

4079 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ തോണിച്ചിറ-മധുരബസാർ റോഡ് അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, അടിയന്തിരമായി ഇക്കാര്യത്തിൽ നടപടികൾ കൈക്കൊളളുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ രാമനാട്ടുകര - പാറമ്മൽ റോഡ്</u>

4080 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിൽപെട്ട രാമനാട്ടുകര - പാറമ്മൽ റോഡ് അറ്റകുറ്റപ്പണികൾ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ അടിയന്തിര നടപടി കൈക്കൊളളുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ പൂവന്നൂർ പള്ളി- പെരുമുഖം റോഡിന്റെ അറ്റകുറ്റപണികൾ</u>

4081 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ പൂവന്നൂർപള്ളി - പെരുമുഖം റോഡിന്റെ അറ്റകുറ്റപണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തിര നടപടി കൈക്കൊളളുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>റോഡ് വികസന പദ്ധതികള്‍</u>

4082 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ ഗ്രാമീണ റോഡ്, പി.ഡബ്ള്യു.ഡി റോഡ്, നാഷണല്‍ഹൈവേ എന്നിവയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര സര്‍ക്കാരുകളുടെ സഹായത്തോടെ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) റോഡ് വികസന പദ്ധതികള്‍ നടപ്പിലാക്കുന്നതിനായി കേന്ദ്രസര്‍ക്കാരിലേക്ക് പ്രോജക്ടുകള്‍ സമര്‍പ്പിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ന്യൂ റോഡ് ഡെവലപ്പ്മെന്റ് വർക്സ് പദ്ധതി</u>

4083 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂ റോഡ് ഡെവലപ്പ്മെന്റ് വർക്സ് പദ്ധതി പ്രകാരം എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയെന്നും ആകെ തുക എത്രയാണെന്നും അറിയിക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ ഭരണാനുമതി നൽകിയ റോഡുകളുടെ വിശദാംശങ്ങൾ സബ് ഡിവിഷൻ തലത്തിൽ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ബി.സി.ബി.എം ചെയ്യുന്ന പദ്ധതിയിൽ അമ്പലപ്പുഴ-തിരുവല്ല റോഡ് ഉൾപ്പെടുത്താൻ നടപടി</u>

4084 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയിരം കി.മീ. റോഡ് ബി.സി.ബി.എം ചെയ്യുന്ന പദ്ധതിയിൽ അമ്പലപ്പുഴ-തിരുവല്ല റോഡ് ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടങ്കൽ തുക എത്രയാണ് ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ മറ്റ് ഏതെങ്കിലും റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) ആലപ്പുഴ ടൗണിലെ ഏതെങ്കിലും റോഡുകൾ ഈ പദ്ധതിയിൽ പരിഗണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

800 കോടിയുടെ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ റോഡുകൾ

4085 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കമ്മിറ്റിയുടെ എത്ര യോഗങ്ങൾ ചേർന്നു;

(ബി) ഏതെല്ലാം തീയതികളിലാണ് പ്രസ്തുത കമ്മിറ്റി യോഗം ചേർന്നത്;

(സി) എത്ര കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ഡി) ഇപ്രകാരം ഭരണാനുമതി നൽകിയവയിൽ കൊല്ലം ജില്ലയിൽ ഉൾപ്പെടുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) 800 കോടി രൂപയുടെ റോഡ് വിസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയതിൽ കൊല്ലം ജില്ലയിൽ ഉൾപ്പെടുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

സ്റ്റിമുലേജ് പാക്കേജ് പ്രകാരം മുനമ്പം-പള്ളിപ്പുറം റോഡ് അഭിവൃദ്ധിപ്പെടുത്താൻ നടപടി

4086 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റിമുലേജ് പാക്കേജ് പ്രകാരം മുനമ്പം -പള്ളിപ്പുറം റോഡ് നിർമ്മാണം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ആയതിന്റെ ടെൻഡർ നടപടിയായോ ;

(സി) എങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കും;

(ഡി) എത്ര രൂപയാണ് എസ്റ്റിമേറ്റ് തുക ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഉത്തരമലബാറിൽ റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ നടപടി</u>

4087 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിൽ എല്ലാ മഴക്കാലത്തും റോഡ് തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകൾ ഒരു നിശ്ചിത കാലം വരെയെങ്കിലും നിലനിർത്താൻ പുതിയ ടെക്നോളജി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരം റോഡുകളുടെ ഗ്യാരന്റി ഉറപ്പാക്കുകയും നിശ്ചിത കാലയളവുവരെ റോഡ് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) റോഡ് പെട്ടെന്ന് തകരുകയാണെങ്കിൽ കോൺട്രാക്ടർമാരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>താമരശ്ശേരി ചുരത്തിലെ ഹെയർപിൻ വളവുകൾ</u>

4088 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - വയനാട് റോഡിലെ താമരശ്ശേരി ചുരത്തിലെ എത്ര ഹെയർപിൻ വളവുകൾ വീതികൂട്ടി പരിഷ്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇനി എത്ര ഹെയർപിൻ വളവുകൾ കൂടി വീതികൂട്ടി പരിഷ്കരിക്കാനുണ്ടെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ;

(സി) ചുരത്തിലുണ്ടാകുന്ന ഗതാഗതക്കുരുക്കിനെക്കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഹെയർപിൻ വളവുകളിൽ എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താനാണ് തീരുമാനിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) ഏതൊക്കെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഇനി ഏതിനൊക്കെ നൽകാനുണ്ടെന്നും അറിയിക്കാമോ;

(എഫ്) ചുരം റോഡിന്റെ വീതി കൂട്ടലിന് ഫോറസ്റ്റ് ലാൻഡ് വിട്ടുകിട്ടാൻ സ്വീകരിച്ച നടപടികളും പുരോഗതിയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എറണാകുളത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടി</u>

4089 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജക മണ്ഡലത്തിലെ നോർത്ത് മേൽപ്പാലം പൊളിയ്ക്കുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി. ഇതിനകം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം നഗരത്തിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിന് പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് ഏകദേശം എത്ര തുക വേണ്ടിവരും;

(ഇ) ഈ പദ്ധതികൾ എന്ന് പൂർത്തിയാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കുന്നംകുളം ബിൽഡിങ്ങ് സെക്ഷനിലെ ശ്രീ. ഗോപിയുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ</u>

4090 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കുന്നംകുളം ബിൽഡിങ്ങ് സെക്ഷനിൽ തേഡ്ഗ്രേഡ് ഓവർസിയർ ആയി ജോലിയിലിരുന്ന് 31.3.2010 ൽ റിട്ടയർ ചെയ്ത ശ്രീ. ഗോപിയുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയോ;

(ബി) പെൻഷൻ തുടങ്ങിയ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(സി) നടപടിക്രമങ്ങൾ പൂർത്തികരിച്ച് പെൻഷൻ തുടങ്ങിയ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി ജംഗ്ഷനിൽ ട്രാഫിക് ഐലന്റ് സ്ഥാപിക്കാൻ നടപടി</u>

4091 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ട്രാഫിക് ഐലന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കരുനാഗപ്പള്ളിയിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനായി എൻ.എച്ച്ന് സമാന്തരമായി 'ബൈപ്പാസ്' നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കൊല്ലങ്കോട് ബൈപ്പാസ് റോഡ്</u>

4092 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് പട്ടണത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനായി കഴിഞ്ഞ സർക്കാർ അനുവദിച്ച കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ബൈപ്പാസ് റോഡ് പണിയുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ്;

(സി) പ്രസ്തുത റോഡിന്റെ പ്രവർത്തി എന്ന് മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ മരാമത്ത് ജോലികൾ

4093 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പ്രവർത്തികളാണ് വൈപ്പിൻ മണ്ഡലത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

അരൂർ, എഴുപുന്ന പാലത്തിന്റെ ടോൾ പിരിവിൽ നിന്നും സമീപ പഞ്ചായത്തുകളെ ഒഴിവാക്കാൻ നടപടി

4094 ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എ.ഐ.യുടെ വിജ്ഞാപനം പ്രകാരം ഹൈവേകളിലെ പാലങ്ങളിൽ നിന്നുള്ള ടോൾ പിരിവിൽ നിന്നും പാലത്തിന്റെ 20 കി.മീ. ചുറ്റളവിലെ താമസക്കാരെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ടോളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആലപ്പുഴ എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അരൂർ-കുമ്പളം പാലത്തിന്റെ ടോൾ പിരിവിൽ നിന്നും അരൂർ, എഴുപുന്ന അരൂക്കുറ്റി പഞ്ചായത്തുകളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വൈക്കത്തെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് നടപടി</u>

4095 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ വൈക്കം വെച്ചൂർ, ടോൾ - പാലാംകടവ്, വെളളൂർ - വെട്ടിക്കാടുമുക്ക്, തലപ്പാറ - നീർപ്പാറ,ടി. വി. പുരം - വൈക്കം, തലയോലപ്പറമ്പ് - പെരുവ എന്നീ റോഡുകൾ പുനർ നിർമ്മിക്കുന്നതിനായി അനുവദിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) ഈ റോഡുകളുടെ പുനർനിർമ്മാണ ജോലികൾ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ ബ്രിഡ്ജസ് സെക്ഷനുകളിലെ ഒഴിവുകൾ</u>

4096 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് പയ്യന്നൂർ 1,2 സെക്ഷനുകളിൽ നിലവിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകളിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് തുടർച്ചാനുമതി ലഭിക്കാത്ത പ്രശ്നമുണ്ടോ; തുടർച്ചാനുമതി ലഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അടിയന്തരിമായി തുടരച്ചാനുമതി ലഭ്യമാക്കി ഒഴിവുളള തസ്തികകൾ 1കത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കല്‍പ്പറ്റയില്‍ പി. ഡബ്ല്യൂ.ഡി ബില്‍ഡിംഗ്സ്</u>
<u>വിഭാഗം ഏറ്റെടുത്ത പ്രവൃത്തികള്‍</u>

4097 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി. ഡബ്ല്യൂ.ഡി ട്ടിട വിഭാഗത്തിന്റെ നേതൃത്വത്തില്‍ കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികള്‍ ഏതെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളില്‍ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷന്‍ ലഭിച്ച പ്രവൃത്തികള്‍; ടെക്നിക്കല്‍ സാങ്ഷന്‍ ലഭിച്ച പ്രവൃത്തികള്‍ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതില്‍ ഏതെല്ലാം പ്രവൃത്തികള്‍ അനുവദിച്ചുവെന്നും ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികള്‍ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

4098 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ 1975 മുതൽ സി.എൽ. ആർ ആയും 1993 മുതൽ എസ്.എൽ.ആർ ആയും ജോലി ചെയ്തുവരുന്ന എത്ര ജീവനക്കാരുണ്ട്;

(ബി) ഇവർക്ക് മിനിമം പെൻഷൻ നൽകുന്നതിനോ ഇവരെ സ്ഥിരപ്പെടുത്തുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; മറ്റു പല വകുപ്പുകളിലും ജോലി ചെയ്യുന്ന എസ്.എൽ. ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടും പൊതുമരാമത്ത് വകുപ്പിലെ എസ്എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിലെ എസ്.എൽ.ആർ ജീവനക്കാരെ അടിയന്തിരമായി സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കല്‍പ്പറ്റയില്‍ സി.ആര്‍.എഫ് -ല്‍ ഉള്‍പ്പെടുത്തിയ റോഡുകള്‍</u>

4099 ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ സി.ആര്‍.എഫ് -ല്‍ ഉള്‍പ്പെടുത്തിയ റോഡുകള്‍ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികള്‍ക്കായി എത്ര രൂപയാണ് 2011 -12 സാമ്പത്തിക വര്‍ഷം വകയിരുത്തിയിരിക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പ്രവര്‍ത്തന പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

റാന്നി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

4100 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) കരാർ പ്രകാരം നിർമ്മാണം എന്നാണ് പൂർത്തീകരിക്കേണ്ടത്; നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ;

(സി) ഇവ നീക്കി നിർമ്മാണം നിശ്ചിത സമയത്ത് തന്നെ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

4101 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നും രണ്ടും നില നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ചാത്തന്നൂർ - ഊറാൻവിള വാഹന അപകടങ്ങൾക്ക് ശാശ്വത പരിഹാരം</u>

4102 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ചിൽ ചാത്തന്നൂർ ജംഗ്ഷന് സമീപമുള്ള ഊറാൻവിള ജംഗ്ഷനിൽ നിരന്തരം വാഹന അപകടം ഉണ്ടാകുന്നതും, മരണം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിക്കുകയോ, ജില്ലാ വികസന സമിതിയിൽ പരാതി ഉന്നയിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ആരാണ് പരാതി ഉന്നയിച്ചതെന്നും, അതിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടി എന്താണെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ദേശിയ പാതാ വികസനം

4103 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാഷണൽ ഹൈവേ 47 ന്റെ വികസനത്തിനായി ബന്ധപ്പെട്ടവരുമായി ചർച്ചചെയത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>നെന്മാറ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം</u>

4104 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി പണിയാൻ പോകുന്ന കെട്ടിടത്തിന്റെ പ്രവൃത്തി ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിടം പണി എന്നുമുതൽ തുടങ്ങുമെന്നും എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കാലിക്കടവ് റെസ്റ്റ്ഹൗസിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി</u>

4105 ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ കാലിക്കടവിൽ പ്രവർത്തിക്കുന്ന പി.ഡബ്ള്യു.ഡി. റെസ്റ്റ് ഹൗസിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

നെന്മാറ, നെല്ലിയാമ്പതി റസ്റ്റ് ഹൗസ് നിര്‍മ്മാണം

4106 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ നെന്മാറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ച നെന്മാറ, നെല്ലിയാമ്പതി റസ്റ്റ് ഹൗസുകളുടെ പണി എന്ന് ആരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവില്‍ ഇതു സംബന്ധിച്ച് എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഇടുക്കി പൈനാവ് കോളനിയിലെ ക്വാർട്ടേഴ്സു
കളുടെ ശോച്യാവസ്ഥ</u>

4107 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഇടുക്കി പൈനാവ് കോളനിയിലെ ഉ25, ഉ26, ഉ35 എന്നീ ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുന്നതിന് പുതുക്കിയ റേറ്റ് അനുസരിച്ച് എത്ര തുക ചെലവ് വരുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സ് പൈനാവ് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ പേരിൽ ഇയർമാർക്ക് ചെയ്തു നൽകിയാൽ സ്വന്തം നിലയിൽ അറ്റകുറ്റപണികൾ നടത്തി വാസയോഗ്യമാക്കി ഉപയോഗിക്കാമെന്നറിയിച്ചുകൊണ്ടുള്ള പ്രസ്തുത കോളേജ് പ്രിൻസിപ്പാളിന്റെ 21.6.2011-ലെ പി/644/2010-ാംനമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ ഉള്ള ഫയലിന്മേൽ (ഫയൽ നം. 13147/ഇ2/2011/പി.ഡബ്ല്യു.ഡി) അനുകൂല നടപടി സ്വീകരിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

തൃക്കരിപ്പൂർ ഗവ: പോളിടെക്നിക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

4108 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ ഗവ: പോളിടെക്നിക്ക് കോളേജിന്റെ ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ക്വാര്‍ട്ടേഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍</u>

4109 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ജീവനക്കാര്‍ക്കു ക്വാര്‍ട്ടേഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ് ;

(ബി) എല്ലാ ക്വാര്‍ട്ടേഴ്സ് മാനദണ്ഡങ്ങള്‍ പൂര്‍ണ്ണമായി പാലിച്ചുകൊണ്ടാണോ അനുവദിച്ചിട്ടുള്ളത് ;

(സി) പൂജപ്പുര ഗവ: സ്റ്റാഫ് ക്വാര്‍ട്ടേഴ്സില്‍ ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര പേര്‍ക്ക് ക്വാര്‍ട്ടേഴ്സ് അനുവദിച്ചിട്ടുണ്ട് ; അവയെല്ലാം മാനദണ്ഡങ്ങള്‍ പാലിച്ചുകൊണ്ടാണോ ; അവയില്‍ എത്രയെണ്ണം സ്പെഷ്യല്‍ ഓര്‍ഡര്‍ പ്രകാരം അനുവദിച്ചു ; സ്പെഷ്യല്‍ ഓര്‍ഡര്‍ നല്കുന്ന സംവിധാനം പുനരാരംഭിച്ചിട്ടുണ്ടോ ; എങ്കില്‍ എന്നു മുതല്‍ ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പൂജപ്പുരയില്‍ ഗവ: ക്വാര്‍ട്ടേഴ്സ് അനുവദിച്ചവരുടെ വിശദവിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

തിരുവല്ല വളളംകുളം പാലം ഗതാഗതയോഗ്യമാക്കാൻ നടപടി

4110 ശ്രീ. മാത്യു.റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല താലൂക്കിലെ കവിയൂർ-ഇരവിപേരൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളളംകുളം പാലം നിർമ്മാണം പൂർത്തിയാക്കി ശബരിമല സീസണുമുമ്പായി യാത്രക്കാർക്ക് തുറന്നുകൊടുക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>വാരമ്പറ്റ പാലത്തിന്റെ നിർമ്മാണ പുരോഗതി</u>

4111 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വാരമ്പറ്റ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ആകെ തുക എത്രയായിരുന്നു; നാളിതുവരെ എത്ര തുക ചെലവഴിച്ചു; ഇനി എത്ര രൂപാ വേണമെന്നുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മൊയ്തു പാലം പുതുക്കിപ്പണിയുന്നത് സംബന്ധിച്ച്</u>

4112 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ദേശീയ പാതയിലെ അപകടാവസ്ഥയിലായ മൊയ്തു പാലം പുതുക്കി പണിയുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പുതിയ പാലം നിർമ്മാണം എപ്പോൾ തുടങ്ങാനാവുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തിരുവല്ല പെരിങ്ങര പാലത്തിന്റെ നിർമ്മാണം</u>

4113 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല പെരിങ്ങര നിയോജക മണ്ഡലത്തിലെ തിരുവല്ല നഗരസഭയെയും പെരിങ്ങര പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പേരിങ്ങര പാലത്തിന്റെ നിർമ്മാണം എന്നു തുടങ്ങാൻ പറ്റുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

വടക്കാഞ്ചേരി റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

4114 ശ്രീ.കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട വടക്കാഞ്ചേരി റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചതെപ്പോഴാണ്;

(ബി) ഈ മേൽപ്പാലത്തോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നടത്തേണ്ട അപ്രോച്ച് റോഡ് തുടങ്ങിയവയുടെ നിർമ്മാണം എന്നാണ് പൂർത്തിയാക്കിയതെന്നും അതിലേക്ക് ചെലവഴിച്ച തുക എത്രയാണെന്നും പറയാമോ;

(സി) റയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് റയിൽവേയുടെ അനുമതി എന്നാണ് ലഭിച്ചതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണത്തിന് റയിൽവേയ്ക്ക് സംസ്ഥാന സർക്കാർ എത്ര തുക കെട്ടിവച്ചിട്ടുണ്ടെന്നും എപ്പോഴാണ് കെട്ടിവച്ചതെന്നും വ്യക്തമാക്കാമോ;

(ഇ) ഈ റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) കാലതാമസം ഒഴിവാക്കി ഈ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

തളിപ്പറമ്പ് മണ്ഡലത്തിലെ പാലങ്ങളുടെ പണി

4115 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര പാലങ്ങളുടെ നിർമ്മാണ പ്രവർത്തിയാണ് നടന്നുകൊണ്ടിരിക്കുന്നത്; വിശദാംശം അറിയിക്കാമോ;

(ബി) ബഡ്ജറ്റിൽ അംഗീകാരം ലഭിച്ച ചെത്തിക്കടവ്, തേറലായിക്കും കോറലായിക്കും മദ്ധ്യേയുള്ള പാലം എന്നിവയുടെ പ്രവർത്തികൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(സി) കൊളന്തക്കടവ്, മണിക്കൽ, നണിച്ചേരിക്കടവ് എന്നീ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ചാത്തന്നൂര്‍ - കുമ്മല്ലൂര്‍ പാലം പുന:നിര്‍മ്മാണം</u>

4116 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാത്തന്നൂര്‍-കട്ടച്ചല്‍ റോഡില്‍ സ്ഥിതി ചെയ്യുന്ന കുമ്മല്ലൂര്‍ പാലം എന്നാണ് നിര്‍മ്മിച്ചതെന്നും പ്രസ്തുത പാലത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിന് അനുസൃതമായി പാലം പുനര്‍നിര്‍മ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം അറിയിക്കുമോ;

(സി) പാലത്തിന്റെ വീതികുട്ടുകയോ പുനര്‍നിര്‍മ്മുക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>വെട്ടിയതോട് പാലം നിർമ്മാണം</u>

4117 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം, പടിഞ്ഞാറെക്കല്ലട വില്ലേജിൽ വെട്ടിയതോടു പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലമെടുപ്പ് ജോലികൾ ഏത് ഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) സെക്രട്ടേറിയറ്റ് റവന്യൂ 'ബി' വകുപ്പിൽ നിന്ന് ഇതിനുള്ള ഉത്തരവുകൾ കൈമാറി ലഭിച്ചോ;

(സി) പുനരധിവാസം ആവശ്യമായ പ്രസ്തുത പ്രവർത്തിയുടെ പി.ഡബ്ല്യു.ഡി വിഭാഗത്തിന്റെ ജോലികൾക്ക് തുടക്കമായോ; ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഫണ്ട് അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവർത്തി വൈകുന്നതെന്തുകൊണ്ടാണ്; പണി തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ കൂരിക്കുഴി പാലവും, വലിയതറകടവ് പാലവും നിർമ്മിക്കാൻ നടപടി</u>

4118 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം, ശൂരനാട് വടക്ക് പഞ്ചായത്തിൽ 'കൂരിക്കുഴി പാലം' നിർമ്മിക്കുന്നതിനുള്ള നടപടികൾ എത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലംപണിയുടെ സ്ഥലമെടുപ്പു ജോലികളും ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ടോ;

(സി) കൊല്ലം ജില്ലയിൽ ശൂരനാട് തെക്ക് പഞ്ചായത്തിനേയും തൊടിയൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന വലിയ തറകടവ് പാലം പണി ആരംഭിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ആശാരിപ്പടി - തലാപ്പുക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>

4119 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ആശാരിപ്പടി - തലാപ്പുകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്

(ബി) സ്ഥലമെടുപ്പ് സംബന്ധിച്ച് സർക്കാർ ഇറക്കിയ ജി.ഒ.(ആർ.ടി)245/11/പി.ഡബ്ല്യൂ.ഡി തീയതി 9/02/11 -ാം നമ്പർ ഉത്തരവിൽ സർവ്വേ നമ്പരിൽ വന്ന മാറ്റങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതു പരിഹരിച്ച് ഉത്തരവിറക്കാനും സ്ഥലമുടമകൾക്ക് നഷ്ടപരിഹാരതുക നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ കൊറ്റി റയിൽവെ മേൽപാലം</u>

4120 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർജില്ലയിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട പയ്യന്നൂർ കൊറ്റി റയിൽവെ മേൽപാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടം വരെയായി;

(ബി) മേൽപാലം പണി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

അമ്പലപ്പുഴ വൈശ്യംഭാഗം പാലത്തിന്റെ നിർമ്മാണം

4121 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വൈശ്യംഭാഗം പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുളളത് ; എന്നാണ് ഭരണാനുമതി നൽകിയത്;

(ബി) പാലത്തിന് വേണ്ടിയുളള സ്ഥലമെടുപ്പ് പൂർത്തിയായോ; എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ;

(സി) പാലം നിർമ്മാണത്തിന്റെ ടെണ്ടർ ആയോ; ആയില്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ഡി) പാലം നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കുന്നംകുളം മണ്ഡലത്തിൽ ഓവർസിയർമാരുടെ തസ്തികകളിൽ നിയമനം</u>

4122 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് കുന്നംകുളം ബിൽഡിംഗ് സെക്ഷനിൽ എത്ര ഓവർസിയർ തസ്തികകളാണുള്ളത്;

(ബി) ആയതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(സി) കുന്നംകുളം ഇൻഡോർ സ്റ്റേഡിയം, കുന്നംകുളം പോളിടെക്നിക്കിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ തുടങ്ങി ധാരാളം പ്രവൃത്തികൾ മണ്ഡലത്തിൽ ചെയ്തുതീർക്കാനുള്ളതു കൊണ്ട് മുഴുവൻ ഓവർസിയർമാരുടെ ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>കോൺട്രാക്ടർ ശ്രീ. പി.എം. ജോയി ഹാജരാക്കി</u>
<u>അപേക്ഷയിന്മേൽ തുടർ നടപടി</u>

4123 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. പി.എം. ജോയി (ഗവൺമെന്റ് കോൺട്രാക്ടർ) പൂതക്കുഴിയിൽ ഹൗസ്, വെള്ളിയാപ്പള്ളി പി.ഒ, കോട്ടയം എന്ന അപേക്ഷകൻ, ക്ലോഷർ എഗ്രിമെന്റ് വെച്ചിട്ടും തുടർനടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് 26-7-2011 -ൽ ഹാജരാക്കിയ അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേലുള്ള തുടർ നടപടികൾ ഏതു ഘട്ടം വരെയായി ; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ .

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>മണൽ ക്ഷാമം പരിഹരിക്കാൻ നടപടി</u>

T 4124 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ മണൽ ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?